**ടെൻഡർ ക്ഷണിച്ചു**

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ 2020-21 സാമ്പത്തിക വർഷത്തിലേക്ക് സി.റ്റി.ഫിലിം കവർ (10000 എണ്ണം) സി.ആർ.ഫിലിം കവർ (30000 എണ്ണം) വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 10. സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ ടെൻഡർ നൽകണം. ഫോൺ: 0477 2253324.

**വനിതാദിനാചരണം: ജില്ലാതല പരിപാടി ഇന്ന്**

ആലപ്പുഴ: അന്താരാഷ്ട്ര വനിതാ ദിനാചരണത്തോട് അനുബന്ധിച്ച് സംസ്ഥാന വനിതാ ശിശു വികസന വകുപ്പും കേന്ദ്രവാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള ഫീൽഡ് ഔട്ട്റീച്ച് ബ്യൂറോ എറണാകുളവും സംയുക്തമായി സംഘടിപ്പിക്കുന്ന ആലപ്പുഴ ജില്ലാതല പരിപാടി ഇന്ന് (മാർച്ച് ഏഴിന്) ആലപ്പുഴ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30 ന് വനിതാ ദിന സന്ദേശ റാലിയോടെ പരിപാടിക്ക് തുടക്കമാകും.തുടർന്ന് അഡ്വ എ. എം. ആരിഫ് എം പി ഉദ്ഘാടനം നിർവ്വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ അധ്യക്ഷത വഹിക്കും. ജില്ല കളക്ടർ എം. അഞ്ജന വനിതാ ദിന സന്ദേശം നൽകും. കൊറോണ പ്രതിരോധത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വനിതാ ആരോഗ്യപ്രവർത്തകരെ ആദരിക്കും. ആലപ്പുഴ നഗരസഭാധ്യക്ഷൻ ഇല്ലിക്കൽ കുഞ്ഞുമോൻ പുരസ്കാരങ്ങൾ സമ്മാനിക്കും. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഇ അബ്ദുൽ റഷീദ് സ്വാഗതം ആശംസിക്കും. സെമിനാർ,വനിതകൾ ,അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ എന്നിവയും നടക്കും.

**സ്ത്രീ സൗഹൃദകേന്ദ്രം ഉദ്ഘാടനവും വനിത ദിനാചരണവും നാളെ**

ആലപ്പുഴ: ജില്ല പഞ്ചായത്ത് സ്ത്രീ സൗഹൃദ കേന്ദ്രത്തിന്റെയും വനിത ദിനാചരണത്തിന്റെയും ഉദ്ഘാടനം നാളെ (മാർച്ച് എട്ടിന്) വൈകുന്നേരം നാലിന് ജില്ല പഞ്ചായത്ത് സ്ത്രീ സൗഹൃദ കേന്ദ്രത്തിൽ പൊതുമരാമത്ത് - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ അധ്യക്ഷത വഹിക്കും. അഡ്വ.യു.പ്രതിഭ എം.എൽ.എ മുഖ്യാതിഥിയാകും.

നഗരസഭ അധ്യക്ഷൻ ഇല്ലിക്കൽ കുഞ്ഞുമോൻ,ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് മണി വിശ്വനാഥ്, സ്റ്റാൻഡിങ് കമ്മിറ്റി

ആദ്യാക്ഷരായ സിന്ധു വിനു, കെ കെ അശോകൻ, കെ ടി മാത്യു,കെ സുമ,അംഗങ്ങളായ സന്ധ്യ ബെന്നി, ജോജി ചെറിയാൻ, അഡ്വ.വി.വേണു, ജെബിൻ.പി.വർഗ്ഗീസ്, വിശ്വൻ പടനിലം, രമ്യ രമണൻ, ബബിത ജയൻ, അരിത ബാബു, എ.ആർ.കണ്ണൻ, സജിമോൾ ഫ്രാൻസിസ്, ജോൺ തോമസ്,ദലീമ ജോജോ,പി എം പ്രമോദ്,ജമീല പുരുഷോത്തമൻ,പി എ ജുമൈലത്ത്,ബിനു ഐസക് രാജു,ജില്ല സാമൂഹ്യനീതി ഓഫീസർ സാബു ജോസഫ്, കുടുംബശ്രീ ജില്ല കോ-ഓർഡിനേറ്റർ പ്രശാന്ത് ബാബു, ജില്ല വനിത ക്ഷേമ ഓഫീസർ എ.ജെ. എലിസബത്ത്, ഐ.എസ്.എം ഡി.എം.  ഡോ.എസ്.ഷീബ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ എ.ബിന, ജില്ല പഞ്ചായത്ത് സെക്രട്ടറി കെ.ആർ.ദേവദാസ് എന്നിവർ പങ്കെടുക്കും. ആലപ്പുഴ ജനറൽ ആശുപത്രിക്ക് സമീപം ത്രീ സൗഹൃദ കേന്ദ്രത്തിൽ സ്ത്രീ സൗഹൃദ ലൈബ്രറി, യോഗ കേന്ദ്രം, ഡോർമെട്രി സംവിധാനം, കൗൺസിലിങ്ങ് സെന്റർ, സൗജന്യ നിയമസഹായ കേന്ദ്രം എന്നീ സൗകര്യങ്ങൾ ലഭ്യമാകും.

**വനിതകളുടെ സംവിധാനത്തിൽ രണ്ട് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനു പദ്ധതി**

ആലപ്പുഴ: സംസ്ഥാന സർക്കാരിന്റെ വനിത ശാക്തീകരണ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഡി.സിയുടെ നേതൃത്വത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി പ്രഖ്യാപിച്ചു. ഇതിലേക്ക് 62 തിരക്കഥകൾ ലഭിച്ചു. ഇവയിൽ സിനിമ രംഗത്തെ ജൂറി അംഗങ്ങളടങ്ങിയ കമ്മിറ്റിയാണ് സ്ക്രിപ്റ്റ് ഇവാലുവേഷൻ നടത്തിയത്. താര രാമാനുജത്തിന്റെ നിഷിദ്ധോ , മിനി ഐ.ജിയുടെ ഡൈവോഴ്സ് എന്നീ രണ്ട് സ്ക്രിപ്റ്റുകളാണ് സിനിമ നിർമ്മാണത്തിനായി ജൂറി അംഗങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളത്. നിഷിദ്ധോ എന്ന ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം നാളെ (മാർച്ച് എട്ടിന്) വൈകുന്നേരം 4.30ന് ഇ.എം.എസ് സ്റ്റേഡിയത്തിൽ ധനകാര്യ -കയർ വകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് നിർവഹിക്കും. ജില്ല കളക്ടർ എം അഞ്ജന, പി.കെ.മേദിനി, കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി .എൻ.കരുൺ, മാനേജിങ് ഡയറക്ടർ എൻ.മായ,ചലച്ചിത്ര സാംസ്കാരിക മേഖലയിലെ പ്രമുഖർ പങ്കെടുക്കും

**ദർഘാസ് ക്ഷണിച്ചു**

ആലപ്പുഴ: കുട്ടനാട് താലൂക്കിലെ പുളിങ്കുന്ന് കാവാലം, വെളിയനാട്, ചമ്പക്കുളം,കൈനകരി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

നേരിടുന്ന പ്രദേശങ്ങളിൽ സർക്കാർ നിർദ്ദേശത്തോടെയും പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെയും നടത്തുന്ന കുടിവെള്ള വിതരണത്തിന് ബോട്ട് ഉടമകളിൽ നിന്ന് ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ മാർച്ച്  പതിന് ഉച്ചക്ക് 12നു മുൻപായി കുട്ടനാട് തഹസിൽദാരുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ദർഘാസുകൾ അന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0477-2702221.

**ദർഘാസ് ക്ഷണിച്ചു**

ആലപ്പുഴ: കുട്ടനാട് താലൂക്കിൽ വരൾച്ച രൂക്ഷമാവുകയും, ദുരിതാശ്വാസമായി കുടിവെള്ള വിതരണം നടത്തേണ്ട സാഹചര്യം സംജാതമാവുകയും ചെയ്താൽ വിവിധ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്ക്കുകളിൽ കുടിവെള്ളം നിറയ്ക്കുന്നതിലേക്കായി ഹെവി ഗുഡ്സ് വെഹിക്കിൾ (ലോറി), മീഡിയം ഗുഡ്സ് വെഹിക്കിൾ (മിനി ലോറി), ലൈറ്റ് ഗുഡ്സ് വെഹിക്കിൾ (ചെറിയ വാഹനം) എന്നീ വാഹന ഉടമകളിൽ അപേക്ഷ ക്ഷണിച്ചു. ദർഘാസുകൾ മാർച്ച്  പതിന് ഉച്ചയ്ക്ക് 12 നു മുൻപായി കുട്ടനാട് തഹസിൽദാരുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ദർഘാസുകൾ അന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0477-2702221.

**ഹൈക്കോടതി വിധി പാലിച്ച് പരസ്യ ബോർഡുകളും കൊടിതോരണങ്ങളും നീക്കുന്നത് ഊർജ്ജിതം**

ആലപ്പുഴ: അനധികൃതമായും പൊതുജന സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്ന തരത്തിലും സ്ഥാപിച്ച പരസ്യ ബോർഡുകൾ,ഫ്ലെക്സുകൾ,ബാനറുകൾ,കൊടിതോരണങ്ങൾ തുടങ്ങിയവ ഹൈക്കോടതി വിധിക്കനുസൃതം സമയബന്ധിതമായി നീക്കംചെയ്യുമെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് ജില്ല കളക്ടർ എം അഞ്ജന നിർദ്ദേശം നൽകി. ഹൈക്കോടതി വിധി നടപ്പാക്കാൻ കൈക്കൊണ്ട നടപടികൾ അവലോകനം ചെയ്യുന്നതിന് കളക്ടറുടെ ചേംബറിൽ വിളിച്ചുചേർത്ത യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു ജില്ല കളക്ടർ. അനധികൃതമായും പൊതുജന സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്ന തരത്തിലും സ്ഥാപിച്ച പരസ്യ ബോർഡുകൾ,ഫ്ലെക്സുകൾ,ബാനറുകൾ,കൊടിതോരണങ്ങൾ തുടങ്ങിയവ നീക്കംചെയ്യുന്നത് ഊർജ്ജിതമായി തുടരുകയാണെന്ന് ബന്ധപ്പെട്ടവർ യോഗത്തിൽ വ്യക്തമാക്കി. എ ഡി എം വി ഹരികുമാർ,ആർ ഡി 

മാരായ സന്തോഷ്കുമാർ,ഉഷ,തദ്ദേശസ്ഥാപനങ്ങൾ,പൊലീസ്,റോഡ്സ്,പി ഡബ്ള്യൂ ഡി,കെ എസ് ഇ ബി തുടങ്ങി വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.